A

सम्रग शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

503

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2025-2026

## ഗണിതം


ക്ലാസ് : 5

സമയം: 2 മണിക്കൂർ 15 മിനിട്ട്

### നിർദേശങ്ങൾ

1. ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. 4, 6 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതം ഉണ്ട്. അതിൽ ഒന്നു മാത്രം എഴുതിയാൽ മതി.

1. ചതുരത്തിനകത്ത് 2 സെന്റിമീറ്റർ വീതം ആരമുള്ള രണ്ട് വൃത്തങ്ങൾ പരസ്പരം ചേർന്നു നിൽക്കുന്ന രീതിയിൽ വരച്ചിരിക്കുന്നു.




a. ചതുരത്തിന്റെ ഉയരം എത്ര?

b. ചതുരത്തിന്റെ നീളം എത്ര?

c. ചിത്രത്തിലെ ചതുരത്തെക്കുറിച്ച് ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

i. വൃത്തത്തിന്റെ ആരവും ചതുരത്തിന്റെ നീളവും തുല്യമാണ്.

ii. ചതുരത്തിന്റെ നീളം ഉയരത്തിന്റെ ഇരട്ടിയാണ്.


iii. ചതുരത്തിന്റെ ഉയരം ആരത്തിന് തുല്യമാണ്.

iv. ആരത്തിന്റെ 4 മടങ്ങാണ് ചതുരത്തിന്റെ നീളം.

A. ii, iii ശരിയാണ് B. i, iv ശരിയാണ്

C. iii, iv ശരിയാണ് D. ii, iv ശരിയാണ്

d. മട്ടത്തിന്റെ മൂലകൾ ഉപയോഗിച്ച് തന്നിരിക്കുന്ന അളവിൽ ത്രികോണം വരയ്ക്കുക?






For complete preparation materials visit www.educationobserver.com

2. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിലെ ജനസംഖ്യ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| സംസ്ഥാനം | ജനസംഖ്യ |
|---|---|
| ഉത്തർപ്രദേശ് | 199581477 |
| സിക്കിം | 607688 |
| കേരളം | 33387677 |
| ഹിമാചൽപ്രദേശ് | 6856509 |
| ഉത്തരാഖണ്ഡ് | 10116752 |
| ഗോവ | 1457723 |

a. തന്നിരിക്കുന്നവയിൽ ജനസംഖ്യ ഏറ്റവും കൂടുതലുള്ള സംസ്ഥാനം ഏത്?

b. 7 മില്യനോട് ഏറ്റവും അടുത്ത ജനസംഖ്യയുള്ള സംസ്ഥാനം ഏത്?

c. ഒരു മില്യനിൽ കുറഞ്ഞ ജനസംഖ്യയുള്ള സംസ്ഥാനം ഏത്?

d. രണ്ട് സംസ്ഥാനങ്ങളിലെ ജനസംഖ്യ ചേർന്നാൽ 20 ലക്ഷത്തിനും 21 ലക്ഷത്തിനും ഇടയിലാണ്. സംസ്ഥാനങ്ങൾ ഏതെല്ലാമാണ്?

e. പട്ടികയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള 3 സംസ്ഥാനങ്ങളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിച്ചെഴുതിയത് ഏത്?

A. സിക്കിം, ഹിമാചൽപ്രേദശ്, ഗോവ B. സിക്കിം, ഗോവ, ഹിമാചൽപ്രദേശ്

C. ഹിമാചൽപ്രദേശ്, സിക്കിം, ഗോവ, D. സിക്കിം, ഗോവ, ഉത്തരാഖണ്ഡ്

3. a. 5000 ൽ താഴെ എത്ര നാലക്കസംഖ്യകൾ ഉണ്ട്?

b. 3, 2, 5, 4, 7 എന്നീ അക്കങ്ങൾ എല്ലാം ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ അഞ്ചക്കസംഖ്യ ഏത്?

c. അക്കങ്ങളുടെ തുക 4 ആയ ഏറ്റവും വലിയ മൂന്നക്കസംഖ്യ എഴുതുക.

d. 34143 ഒരു ഇരുവഴി സംഖ്യയാണ്. ഇതേ അക്കങ്ങൾ ഉപയോഗിച്ച് മറ്റൊരു അഞ്ചക്ക ഇരുവഴിസംഖ്യ എഴുതുക.

e. 4, 6, 7 എന്നീ അക്കങ്ങൾ എല്ലാം ഉപയോഗിച്ച് ഉണ്ടാക്കാവുന്ന എല്ലാ മൂന്നക്ക സംഖ്യകളും ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിച്ച് എഴുതിയാൽ അവയിൽ 476 കഴിഞ്ഞ് തൊട്ടടുത്ത് വരുന്ന സംഖ്യ താഴെ കൊടുത്തവയിൽ ഏതാണ്?

A. 467 B. 674 C. 647 D. 746

**നാലാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (4 A യും 4 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.**

4.A.

a. രണ്ട് സംഖ്യകളുടെ ഗുണനഫലം കണ്ടെത്തിയ രീതി നോക്കൂ. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. ഗുണനഫലം എത്ര?

| | ....... | 6 |
|---|---|---|
| 10 | 100 | ....... |
| ....... | ....... | 18 |



For complete preparation materials visit www.educationobserver.com

b. ഒരു സംഖ്യയെ 17 കൊണ്ട് ഗുണിച്ചപ്പോൾ 2040 കിട്ടി. അതിനടുത്ത സംഖ്യയെ 17 കൊണ്ട് ഗുണിച്ചാൽ ഉത്തരം എത്ര കിട്ടും?

c.

| | |
|---|---|
| a. 21 × 8 | 1. (20×8) + (9×8) |
| b. 24 × 8 | 2. (20×8) + (6×8) |
| c. 26 × 8 | 3. (20×8) + (1×8) |
| d. 29 × 8 | 4. (20×8) + (4×8) |

മുകളിൽ കൊടുത്ത ക്രിയകളെ ശരിയായി യോജിപ്പിച്ചത് ചുവടെ കൊടുത്തവയിൽ ഏതാണ്?

A. a-3 b-4 c-1 d-2
B. a- 3 b-2 c-4 d-1
C. a-3 b-4 c-2 d-1
D. a-3 b-1 c-4 d-2

**അല്ലെങ്കിൽ**

4.B.

a. 25×15=375 ആണ് 25×16 ന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ്?

A. 375−16  B. 375+16  C. 375−25  D. 375+25

b. ചുവടെ കൊടുത്ത ചതുരഗുണന രീതി നോക്കൂ.

| | 30 | ........ |
|---|---|---|
| ....... | 300 | 20 |
| ....... | ........ | 6 |


ഏതൊക്കെ സംഖ്യകളാണ് ഗുണിച്ചത്?

c. ഗുണനഫലം എത്ര?

d. 49 × 16 നെ, ഒരു സംഖ്യയെ അതേ സംഖ്യകൊണ്ട് ഗുണിക്കുന്ന രീതിയിൽ എഴുതുക.

5.

a. ഈ ചിത്രം തന്നിരിക്കുന്ന അളവിൽ വരയ്ക്കുക.



8 സെ.മീ.



For complete preparation materials visit www.educationobserver.com

b. സമചതുരത്തിനകത്തെ വൃത്തത്തിന്റെ ആരത്തെക്കുറിച്ച് ശരിയായത് ഏത്?

A. സമചതുരത്തിന്റെ വശത്തിന്റെ ഇരട്ടിയാണ്

B. സമചതുരത്തിന്റെ വശത്തിന് തുല്യമാണ്

C. സമചതുരത്തിന്റെ വശത്തിന്റെ പകുതിയാണ്

D. സമചതുരത്തിന്റെ വശത്തിന്റെ പകുതിയുടെ പകുതിയാണ്.

ആറാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട് (6 A യും 6 B യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

6.A.

a. 1164 പേന 12 വീതമുള്ള പായ്ക്കറ്റുകളിലാക്കിയാൽ എത്ര പായ്ക്കറ്റ് പേനയുണ്ടാകും?

b. 91÷7 എത്രയെന്ന് ചുവടെയുള്ള കളങ്ങളിൽ വിട്ടുപോയവ പൂരിപ്പിച്ച് കണ്ടെത്തുക.

| | |
|---|---|
| | 7 |
| | 91 |
| 10 | ....... |
| | ....... |
| ....... | 21 |
| 91÷7 = ....... | 0 |

c. 11 കൊണ്ടുള്ള ഹരണവുമായി ബന്ധപ്പെട്ട ഒരു ക്രമം തന്നിരിക്കുന്നു.

(1×22)÷11=2

(2×22)÷11=4

(3×22)÷11=6

(4×22)÷11=8

(10×22)÷11 ന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ്?

A. 2×11 B. 2×10 C. 2×22 D. 10×11

അല്ലെങ്കിൽ

6.B.

a. 1425 നെ 12 ന്റെ മടങ്ങും മിച്ചവുമായി എഴുതുക.

b. 128 നെ 6 ന്റെ മടങ്ങും മിച്ചവുമായി എഴുതിയത് താഴെ കൊടുത്തവയിൽ ഏതാണ്?

A. (20×6)+8

B. (21×6)+2

C. (22×6)−4

D. (19×6)+14

c. 5, 14, 23, 32 ............ ഇത് 9 കൊണ്ട് ഹരിച്ചാൽ 5 മിച്ചമായി വരുന്ന സംഖ്യകളുടെ പാറ്റേണാണ്. ഇതിൽ 103 ഉണ്ടാകുമോ? എന്തുകൊണ്ട്?



For complete preparation materials visit www.educationobserver.com